"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. കൃഷ്ണൻ നമ്പൂതിരി.ഡി, ഉപജില്ലാ വ്യവസായ ഓഫീസർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ അധിക ചുമതല നല്കിയത് - ചാർജ്ജ് അലവൻസ് ആനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.708/2026/ID തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. 11.07.2017-ലെ G.O(P) No 88/2017/Fin.
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 09/05/2025-ലെ ഡിഐസി/335/2025-ഇഡി2 നമ്പർ നടപടിക്രമം
3. 28/07/2025-ലെ സ.ഉ. (സാധാ) നം. 941/2025/വ്യവ.
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 19/09/2025-ലെ ഡിഐസി/4585/2025-ഇഡി2 നമ്പർ കത്ത്
5. 27/04/2026-ലെ സ.ഉ. (സാധാ) നം. 492/2026/വ്യവ.

**ഉത്തരവ്**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ പൂർണ്ണ അധിക ചുമതല ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. കൃഷ്ണൻ നമ്പൂതിരി. ഡി-യ്ക്ക് നൽകിയ പരാമർശം (2) നടപടിക്രമത്തിന് സാധൂകരണം നൽകണമെന്നും അസിസ്റ്റന്റ് ഡയറക്ടറുടെ അഭാവത്തിൽ 05/05/2025 മുതൽ 31/07/2025 വരെ പ്രസ്തുത തസ്തികയുടെ പൂർണ അധിക ചുമതല വഹിച്ച ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. കൃഷ്ണൻ നമ്പൂതിരി. ഡി-യ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്നും പരാമർശം(4) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ പൂർണ അധിക ചുമതല ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. കൃഷ്ണൻ നമ്പൂതിരി. ഡി-യ്ക്ക് നൽകിയ പരാമർശം (2) നടപടിക്രമത്തിന് പരാമർശം(5) പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടറുടെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. കൃഷ്ണൻ നമ്പൂതിരി. ഡി-യ്ക്ക് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53(b)(2) (as amended vide G.O(P) No. 88/2017/Fin dated 11.07.2017), 53A(II)(C), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ

ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ പരാമർശം(1) ചാർജ്ജ് കൈമാറ്റ ഉത്തരവ് തീയതിയായ 09.05.2025 മുതൽ 30.07.2025 വരെയുള്ള കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത ബി ചന്ദ്ര
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. കൃഷ്ണൻ നമ്പൂതിരി. ഡി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 08-07-2026 16:06:44